# പതിമൂന്നാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ : *190 — 08.12.2015-ൽ മറുപടിക്ക്

## കാർഷിക സേവന കേന്ദ്രങ്ങളുടെ പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വർക്കല കഹാർ<br>ശ്രീ.പി.എ.മാധവൻ<br>ശ്രീ.ഹൈബി ഈഡൻ<br>ശ്രീ.കെ.എസ്.ശബരീനാഥൻ : | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി) |
| (എ) ഈ സർക്കാരിന്റെ കാലത്ത് സഹകരണ മേഖലയിൽ കാർഷിക സേവന കേന്ദ്രങ്ങളുടെ പ്രവർത്തനത്തിന് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; | (എ) നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിലെ കാർഷിക പ്രവർത്തനങ്ങൾ ബ്ലോക്കുതലത്തിൽ ഏകോപിപ്പിക്കുക, കർഷകർക്ക് ഗുണമേന്മയുള്ള വിത്ത്, വളം, കീടനാശിനി എന്നിവ ലഭ്യമാക്കുക, കർഷകർക്ക് ആവശ്യമായ ആധുനിക കാർഷികോപകരണങ്ങളുടെ സേവനം ലഭ്യമാക്കുക, ആധുനിക ശാസ്ത്രീയ കൃഷിരീതികളിൽ കർഷകർക്ക് പരിശീലനം നൽകുക, ആയതിനായി യുവജനക്ഷേമ വകുപ്പുമായി ചേർന്ന് പരിശീലന പരിപാടികൾ സംഘടിപ്പിക്കുക, കാർഷിക വിളകളുടെ ഉത്പാദന സംഭരണ വിതരണ |

പ്രവർത്തനങ്ങൾക്ക് മികച്ച സംവിധാനങ്ങൾ ഏർപ്പെടുത്തുക. നബാർഡ്, എൻ.സി.ഡി.സി, സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ എന്നീ സ്ഥാപനങ്ങളുമായി യോജിച്ച് കർഷകർക്ക് ധനസഹായം ലഭ്യമാക്കുക എന്നിവയാണ് പ്രധാന ലക്ഷ്യങ്ങൾ.

ഓരോ പഞ്ചായത്തിലും സാങ്കേതിക പരിജ്ഞാനം ലഭിച്ച യുവാക്കൾ, വിദ്യാർത്ഥികൾ, സ്ത്രീകൾ, കാർഷിക ബിരുദ/ഡിപ്ലോമ യോഗ്യതയുള്ളവർ, കൃഷി വകുപ്പിലെ വിരമിച്ച ഉദ്യോഗസ്ഥർ തുടങ്ങി കാർഷിക പരിജ്ഞാനമുള്ളവരുടെ ഒരു കൂട്ടായ്മ രൂപീകരിക്കുക, കാർഷിക സർവ്വകലാശാല, കാർഷിക ഉപകരണ നിർമ്മാണ കമ്പനികൾ തുടങ്ങിയവയുടെ നേതൃത്വത്തിൽ പരിശീലനം നൽകുക, ഓരോ സെന്ററിലും സാങ്കേതിക വൈദഗ്ദ്ധ്യം നേടിയ 5 പേർ ഉൾപ്പെടുന്ന 25 അംഗങ്ങളുള്ള തൊഴിൽ സേന രൂപീകരിക്കുക, കാർഷിക സർവ്വകലാശാല, റെയ്ഡ്കോ തുടങ്ങിയവയുടെ സഹായത്തോടെ പരിശീലന പരിപാടികൾ സംഘടിപ്പിക്കുക, കാർഷിക വിദഗ്ധന്റെ സേവനം ലഭ്യമാക്കുക, മണ്ണ് പരിശോധനാ ലബോറട്ടറികൾ സ്ഥാപിച്ച് ആയതിന്റെ സേവനം കർഷകർക്ക് ലഭ്യമാക്കുക, ആധുനിക കാർഷികരീതികളായ പോളിഹൗസ്, ഗ്രീൻഹൗസ് എന്നിവ

-2-

| | | |
|---|---|---|
| | | നടപ്പിലാക്കുക, ആധുനിക കാർഷിക ജൈവനഴ്സറികൾ സ്ഥാപിച്ച് ഗുണമേന്മയുള്ള തൈകൾ ആവശ്യാനുസരണം കർഷകർക്ക് ലഭ്യമാക്കുക, കാർഷിക മേഖല പുഷ്ടിപ്പെടുത്തുന്നതിനാവശ്യമായ എല്ലാവിധ പ്രവർത്തനങ്ങളും ഏറ്റെടുത്തു നടത്തുക തുടങ്ങിയവയാണ് പ്രധാന പ്രവർത്തനങ്ങൾ. |
| (സി) പദ്ധതിയുടെ നടത്തിപ്പിനായി ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | (സി) | 2012-13 സാമ്പത്തിക വർഷത്തിൽ കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട 40 സഹകരണ സംഘങ്ങൾ മുഖേന ആദ്യ ഘട്ടമായി 40 ഫാർമേഴ്സ് സർവ്വീസ് സെന്ററുകളും 2013-14-ൽ രണ്ടാം ഘട്ടമായി 20 സഹകരണ സംഘങ്ങളിൽ 20 ഫാർമേഴ്സ് സർവ്വീസ് സെന്ററുകളും അടക്കം ആകെ 60 ഫാർമേഴ്സ് സർവ്വീസ് സെന്ററുകൾ പ്രവർത്തിക്കുന്നു. കർഷകസേവനകേന്ദ്രങ്ങളുടെ പ്രവർത്തനം ബ്ലോക്ക് തലത്തിൽ മേൽനോട്ടം വഹിക്കുന്നതിനായി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും കർഷകസേവനകേന്ദ്രം പ്രവർത്തിക്കുന്ന സർവ്വീസ് സഹകരണ ബാങ്കിന്റെ പ്രസിഡന്റ് കോ-ചെയർമാനും ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് വൈസ് ചെയർമാനും ബ്ലോക്കിലെ ഇതര ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ, സർവ്വീസ് സഹകരണ ബാങ്കിലെ ഭരണസമിതി അംഗങ്ങൾ, കൃഷി അസിസ്റ്റന്റ് ഡയറക്ടർ, ബ്ലോക്ക് |

ഡവലപ്മെന്റ് ആഫീസർ, ബ്ലോക്കിലെ കൃഷി ഭവനുകളിലെ കൃഷി ആഫീസർമാർ, സഹകരണ വകുപ്പിലെ യൂണിറ്റ് ഇൻസ്പെക്ടർ, സർവ്വീസ് സഹകരണ ബാങ്കിന്റെ സെക്രട്ടറി എന്നിവർ അംഗങ്ങളായും അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) കൺവീനർ ആയും ബ്ലോക്ക് തല മോണിറ്ററിംഗ് കമ്മിറ്റിയും, സഹകരണ വകുപ്പ് സെക്രട്ടറി ചെയർമാനും സഹകരണ സംഘം രജിസ്ട്രാർ കൺവീനറും കൃഷി ഡയറക്ടർ, ആസൂത്രണബോർഡ് അഗ്രികൾച്ചറൽ വിഭാഗം മേധാവി, കർഷകസേവനകേന്ദ്രങ്ങൾ പ്രവർത്തിക്കുന്ന പ്രാഥമിക അഗ്രികൾച്ചറൽ ക്രെഡിറ്റ് സംഘങ്ങളുടെ പ്രസിഡന്റുമാർ എന്നിവർ അംഗങ്ങളായി സംസ്ഥാനതല റിവ്യൂ കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. കർഷക സേവന കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിന് സെന്റർ ഫോർ മാനേജ്മെന്റ് ഡവലപ്മെന്റ് എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**